വില്ലേജ് അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ

140 (859) ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ലോവർ ഡിവിഷൻ ക്ലാർക്ക് /വില്ലേജ് അസിസ്റ്റന്റ്, അപ്പർ ഡിവിഷൻ ക്ലാർക്ക്/ സ്പെഷ്യൽ വില്ലേജ് ഓഫീസർ/അഡീഷണൽ വില്ലേജ് ആഫീസർ, അപ്പർ ഡിവിഷൻ ഫർക്ക റവന്യൂ ഇൻസ്പെക്ടർ/സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ, ഹെഡ് ക്ലാർക്ക്, വില്ലേജ് ഓഫീസർ എന്നീ വിഭാഗം ജീവനക്കാരുടെ സംസ്ഥാന തല ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജീവനക്കാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് കോടതി എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ അവ എന്തെല്ലാം ;

(ഡി) 10-9-1984 ന് മുൻപ് 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 28 (ബി ബി ബി) യുടെ ആനുകൂല്യം ആർക്കെങ്കിലും നിഷേധിച്ചിട്ടുണ്ടോ;

(ഇ) അത്തരം ജീവനക്കാർക്ക് ടെസ്റ്റ് യോഗ്യതകൾ പാസായിട്ടുള്ള തീയതി മുതൽ നോഷണൽ പ്രൊമോഷൻ നൽകി പ്രൊമോഷനും സീനിയോറിറ്റിയും റഗുലറൈസ് ചെയ്യുന്നതിന് ഉത്തരവ് നൽകുമോ ?

ഉത്തരം

(എ) 12-12-2000-ൽ നിലവിൽ വന്നിട്ടുണ്ട്.

(ബി) നിയമനം ലഭിച്ച തീയതിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിലാണ് സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുള്ളത്.

(സി) ഉണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 6-4-1995 ലെ 162/91 -ാം നമ്പർ ഉത്തരവ്, ഡിവിഷൻ ബഞ്ചിന്റെ 14-9-1999 ലെ 22276 /98-ാം നമ്പർ ഉത്തരവ്, 3-3-2000 ലെ 8381/ 96-ാം നമ്പർ ഉത്തരവ് എന്നിവ പ്രകാരം ബന്ധപ്പെട്ട റൂളുകളിൽ നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് സീനിയോറിട്ടി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

(ഡി) ഒഴിവുണ്ടായിരുന്ന സമയത്തു ടെസ്റ്റ് യോഗ്യത നേടിയവർ ഉണ്ടായിരുന്നതിനാൽ 28 (ബി. ബി. സി) ഉപയോഗിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

(ഇ) ബാധകമല്ല.

ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ

141 (862) ശ്രീ. യു. എസ്. ശശി : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly